LIBRARY ARCHIVES Kerala Legislative Assembly

വനപാലകർക്ക് നൂതന ആയുധങ്ങൾ

72 [3326] *ശ്രീ. തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം ആയുധങ്ങൾ ഉപയോഗിക്കുന്നതിനാണ് വനപാലകർക്ക് അനുവാദം നൽകിയിട്ടുള്ളത്;

(ബി) ചന്ദന—കഞ്ചാവ് മാഫിയകളെ നിയന്ത്രിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) വനപാലകർക്ക് നൂതന ആയുധങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് സർക്കാർ ആലോചന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വനപാലകർക്ക് റൈഫിളും പിസ്റ്റലും ഉപയോഗിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

(ബി) ചന്ദന—കഞ്ചാവ് മാഫിയകളെ നിയന്ത്രിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്ന് കണ്ട് കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) വനപാലകർക്ക് ആവശ്യാനുസരണം ആയുധങ്ങൾ നൽകിവരുന്നുണ്ട്.

(ഡി) 22-3-2005-ൽ സർക്കാർ ഇതര സന്നദ്ധ സംഘടന (എൻ. ജി. ഒ.) കളുമായി ചർച്ച നടത്തുകയും ജീവനക്കാർക്ക് ആവശ്യാനുസരണം ആയുധങ്ങളും മറ്റു സുരക്ഷാ സംവിധാനങ്ങളും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും അപ്രകാരം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

വെള്ളപ്പൊക്ക നിവാരണത്തിനായി പദ്ധതികൾ

73 [3327] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
,, *എ. സി. മൊയ്തീൻ:*
,, *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്ന പ്രദേശങ്ങൾ തിരിച്ചറിയുന്നതിനും, വെള്ളപ്പൊക്കത്തിന്റെ മറ്റ് കാരണങ്ങൾ തിരിച്ചറിയുന്നതിനും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വെള്ളപ്പൊക്ക നിവാരണത്തിനായി ബൃഹത്തായ പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ജലസേചന വകുപ്പും, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവിയോൺമെന്റ് സെന്ററും സംയുക്തമായി നെയ്യാർ, പമ്പാ, അച്ചൻകോവിലാറ് എന്നീ മൂന്ന് റിവർ ബേസിനുകളിലെ ഒഴുകുന്ന വെള്ളത്തിന്റെ അളവ് വെള്ളപ്പൊക്ക സാദ്ധ്യതയുള്ള പ്രദേശങ്ങൾ എന്നിവയെക്കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. കൂടാതെ വൈക്കം മേഖലയിൽ വടക്കൻ കുട്ടനാട്ടിലുള്ള മൂവാറ്റുപുഴ, മണിമല, മീനച്ചൽ എന്നീ നദികളിലെ വെള്ളപ്പൊക്ക കാരണങ്ങൾ പഠിക്കുന്നതിന് ''കുട്ടനാട് വാട്ടർ ബാലൻസ് സ്റ്റഡി'' എന്ന പഠനം ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടെ നടത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക നിവാരണത്തിനായി ഒരു പദ്ധതി നടപ്പാക്കിവരുന്നുണ്ട്. വെള്ളപ്പൊക്ക നിവാരണത്തിനായി മറ്റ് ബൃഹത്തായ പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

കടലാക്രമണത്തിന് വിധേയമായ തീരപ്രദേശങ്ങൾ

74 [3328] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
" *തോമസ് ഉണ്ണിയാടൻ:*
" *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷം ശക്തമായതോടെ രൂക്ഷമായ കടലാക്രമണത്തിന് വിധേയമായിട്ടുള്ള തീരപ്രദേശങ്ങളുടെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

രൂക്ഷമായ കടലാക്രമണത്തിന് വിധേയമായിട്ടുള്ള തീരപ്രദേശങ്ങളിൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം, ആവശ്യമായ സ്ഥലങ്ങളിൽ ഉയരം കൂട്ടൽ, കടൽ ഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മാണം മുതലായ പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ രൂക്ഷമായ കടലാക്രമണംമൂലം കടൽഭിത്തി നിർമ്മാണം തുടങ്ങാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കരിങ്കൽ ചിറ കെട്ടി കടലാക്രമണത്തെ പ്രതിരോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly